അഗ്നിശമന വിഭാഗങ്ങൾക്ക് ആധുനികമായ പരിശീലനം

63 [1195] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനാ വിഭാഗങ്ങൾക്ക് ആധുനികമായ പരിശീലനം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് അഗ്നിശമന വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് പുതിയതായി എവിടെയെല്ലാം ഫയർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു. അഗ്നിശമന സേനാംഗങ്ങൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി വിയ്യൂരിൽ ഒരു ഫയർ സർവീസ് ട്രെയിനിംഗ് സ്കൂൾ ആരംഭിക്കുന്നതിന് എട്ട് ഏക്കർ സ്ഥലം ലഭ്യമാക്കുകയും അവിടെ ഒരു താൽക്കാലിക കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അഗ്നിശമന സേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൂടുതൽ അഗ്നിശമന വാഹനങ്ങളും, അഗ്നി പ്രതിരോധ ഉപകരണങ്ങളും വാങ്ങുന്നതിന് ജി.ഐ.സി. വായ്പാ പദ്ധതി പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നു. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത ഫയർ സ്റ്റേഷനുകൾക്ക് കെട്ടിടങ്ങളും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ഫയർ സ്റ്റേഷനുകൾക്ക് സ്വന്തം സ്ഥലവും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) തീരുമാനമായിട്ടില്ല.

ഫയർഫോഴ്സ് ഡിപ്പാർട്ടുമെന്റിൽ ഫയർമെൻ തസ്തികയിലേക്കുള്ള നിയമനം

64 [1196] ശ്രീ. ഇ. ശങ്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയർഫോഴ്സ് ഡിപ്പാർട്ടുമെന്റിൽ ഫയർമെൻ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നതിനുവേണ്ടി പി. എസ്. സി. ടെസ്റ്റ് നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര ഒഴിവുകളിലേയ്ക്ക് വേണ്ടിയാണ് ടെസ്റ്റ് നടത്തിയത്;

(സി) ഫയർമെൻ തസ്തികയുടെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കാൻ മെമ്മോ അയച്ചിട്ട് പങ്കെടുക്കാൻ കഴിയാതെവന്നവർക്ക് വീണ്ടും പങ്കെടുക്കാൻ അവസരം നൽകുകയുണ്ടായോ;

(ഡി) ഇത് പി. എസ്. സി.-യുടെ വ്യവസ്ഥകൾക്ക് അനുസൃതമായാണോ?

LIBRARY ARCHIVES Kerala Legislative Assembly